LIBRARY ARCHIVES Kerala Legislative Assembly

അവശ്യ മരുന്നുകളുടെ വില നിയന്ത്രണം

128 (835) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവശ്യ മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) വില നിയന്ത്രണം ഏർപ്പെടുത്തിയ മരുന്നുകളുടെ പട്ടികയും ഇവ ഏതെല്ലാം രോഗങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) മരുന്നുകളുടെ വില നിയന്ത്രിക്കുന്നത് 2013-ലെ ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ പ്രകാരമാണ്. ഇതുസംബന്ധിച്ച നോട്ടിഫിക്കേഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നത് ന്യൂഡൽഹിയിലെ നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി ആണ്. നാഷണൽ ലിസ്റ്റ് ഓഫ് എസെൻഷ്യൽ മെഡിസിനിൽപ്പെട്ട 348 ഔഷധങ്ങളുടെ വില നിയന്ത്രിച്ചുകൊണ്ട് കാലാകാലങ്ങളിൽ നോട്ടിഫിക്കേഷനുകൾ ഇറക്കാറുണ്ട്. നോട്ടിഫിക്കേഷന് വിരുദ്ധമായി അമിത വില ഈടാക്കുന്ന മരുന്നുകളുടെ വിൽപ്പന, ഡ്രഗ്സ് ഇൻസ്പെക്ടർമാർ തടഞ്ഞുവരുന്നു.

(ബി) വിശദവിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു.*

മരുന്ന് പരിശോധന

129 (836) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മരുന്നുകൾ വിപണിയിൽ ഇറക്കുന്നതിനു മുമ്പുള്ള ക്ലിനിക്കൽ പരിശോധന ഗുരുതരമായ പാർശ്വഫലങ്ങളും മരണവും സൃഷ്ടിക്കുന്നതായി പരാതി ഉയർന്ന സാഹചര്യത്തിൽ ഇതിനെ നിയന്ത്രിക്കാനായി വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, വിദഗ്ദ്ധസമിതി സർക്കാരിന് എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ എന്താണെന്നു വ്യക്തമാക്കാമോ;

(സി) മരുന്നു കമ്പനികളുടെ പരീക്ഷണം മുടക്കമില്ലാതെ തുടരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.